Registered No. M-4485.

Madras War Review { MALAYALAM
19-11-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 നവെമ്പർ 19-ാംനു, വെള്ളിയാഴ്ച [ലക്കം 12



## ഇന്ത്യയുടെ കീർത്തി വളർത്തുന്നു

ഇററലി കാലൊടിഞ്ഞു, വീണതോടുകൂടി ഇന്ത്യൻ സൈന്യങ്ങൾ യൂറോപ്പിലേക്കു തന്നെ കടക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ സൈന്യസംഘങ്ങൾ ഇപ്പോൾ ഇററലിയിൽ ഉണ്ടെന്നുമാത്രമല്ല, ശത്രുക്കളോടു നേരിട്ടു യുദ്ധം ചെയ്യുന്നതുമുണ്ടു്. അതിദുർഗ്ഗമായ മലംപ്രദേശങ്ങളിൽ ശത്രുവിനെ പല പ്രാവശ്യവും തോല്പിച്ചു് ഇപ്പോൾ അവർ ട്രിഗ്നോ നദിയുടെ തീരത്തെത്തിയിരിക്കുന്നു. ഈ ഇന്ത്യൻ സൈന്യത്തിന്നു് ഏററവും പരിഷ്കരിച്ചതായ ആയുധങ്ങളുണ്ടു്. ആക്രമണത്തിൽ ധീരതയും ആപത്തിൽ ധൈര്യവും ഇററലിയിലുള്ള ഇന്ത്യൻ സൈന്യം അവരുടെ സഹോദര സൈന്യം വടക്കൻ ആഫ്രിക്കയിൽ കാണിച്ചതുപോലെ കാട്ടുന്നതുമുണ്ടു്. അവർ തീർച്ചയായും അവരുടെ രാജ്യത്തിന്റെ കീർത്തി വളർത്താതിരിക്കയില്ല.

—ഇന്ത്യൻ സൈന്യനേതാവായ സേർ ക്ലാഡി ആച്ചിൻ ലക്ക്, കൌൺസിൽ ഓഫ് സ്റ്റേയിററിൽ,
നവെമ്പർ 15-ാം തിയ്യതി.

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഇന്ത്യയുടെ കീർത്തി വളൎത്തുറ .. .. .. | 1 | ഇന്ത്യൻ വൈമാനിക പരിശീലന സ്ഥലം .. | 7 |
| വൎത്തമാനച്ചുരുക്കം .. .. .. .. | 2 | ഗവൎണ്ണരുടെ യുദ്ധ ഫണ്ടു് .. .. .. | 8 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | കഥാവംകതി : കൊടുങ്കാററു .. .. .. | 9, 10 |
| പ്രത്യേകലേഖനങ്ങൾ : ജനറൽ വറമൂററിൻ, സോഫയാ, കാലം .. .. .. | 5, 6 | ഇന്ത്യ ബ്രിട്ടന്നു കാഴ്ചവെച്ച വിമാനപ്പട .. .. | 11 |
| | | 5,000 ക. ഇനാം .. .. .. .. | 12 |


# വൎത്തമാനച്ചുരുക്കം

വ്യവസായികമായും ശാസ്ത്രീയമായും ഉള്ള വിഷയങ്ങളിൽ ഗവേഷണം നടത്തേണ്ടതിന്ന് ഇംഗ്ലണ്ടിൽനിന്ന് ഒരു മഹാശാസ്ത്രജ്ഞൻ, പ്രൊഫസർ ആർച്ചിൻബാൾഡ് വിവിയൻ ഹിൽ എന്നൊരാൾ അടുത്തു ഇന്ത്യക്ക് വരാൻ പോകുന്നുവത്രെ.

* * *

മദ്ധ്യധരണിക്കടലിന്റെ കിഴക്കു പ്രദേശത്തുള്ള ഡോഡെക്കാനീസ് ദ്വീപുകളിൽ പെട്ട ഒന്നാണ് ലെറോസ്. ഈ ദ്വീപു അടുത്തവസരത്തിൽ ബ്രിട്ടീഷ് സൈന്യം പിടിച്ചടക്കിയിരുന്നു. ഇപ്പോൾ ജൎമ്മൻസൈന്യം അവിടെചെന്ന് ആക്രമണം തുടങ്ങിയിരിക്കുന്നു.

* * *

തൊഴിലാളി സംഘങ്ങൾ രൂപീകരിക്കുവാനും, രൂപീകരിച്ചതിന്നു ശേഷം ഗവൎമ്മേണ്ടു് അവരെ അംഗീകരിക്കുവാനും ഉതകുന്നതായ ഒരു പുതിയ നിയമം ഇപ്പോൾ ഇന്ത്യയിൽ അസംബ്ലിയിൽ പാസ്സാക്കുവാൻ പോകുന്നു. ഇതു് ഇന്ത്യൻ ട്രെയിഡ് യൂനിയൻ ആക്ടിന്റെ ഒരു ഭേദഗതിമാത്രമാണ്.

* * *

യുദ്ധാരംഭത്തിന്നു ശേഷം സാമ്രാജ്യ ഭരണത്തിൽ ക്രമേണ ചില മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയും സാമ്രാജ്യത്തിലെ ഡൊമിനിയൻ രാജ്യങ്ങളുമായി മൈത്രീഭാവം വളൎന്നുവരികയാണ്. ഡൊമിനിയൻ രാജ്യങ്ങളുടെ ഔദ്യോഗിക പ്രതിനിധികളെ ഇന്ത്യയിലേക്ക് നിശ്ചയിക്കുവാൻ തുടങ്ങിയിരിക്കുന്നു. ആസ്ത്രേലിയായിൽനിന്നൊരാളെ നിശ്ചയിച്ചു് അദ്ദേഹം ഇന്ത്യയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ക്യാനഡയിൽനിന്നും മറെറാരാളെ നിശ്ചയിക്കുവാൻ പോകുന്നുവത്രെ.

* * *

“ബ്രിട്ടീഷ് സാമ്രാജ്യത്തറവാട്ടു് പൊളിക്കാൻ ഞാൻ വേണ്ടാലോ” എന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി, മി. ചൎച്ചിൽ കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും പറഞ്ഞുവത്രെ. പറഞ്ഞതു് ശരിയാണ്. അപ്പോഴേക്കും ആളുകൾക്ക് പരിഭ്രമമായി. ഇതിന്റെ അൎത്ഥം ഇന്ത്യക്ക് സ്വരാജ്യം കിട്ടുകയില്ലെന്നാണെന്ന് പറയുവാൻ ആരംഭിച്ചിരിക്കുന്നു. അപ്പോൾ ഈ പറയുന്ന ആളുകളുടെ വിചാരം ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയാൽ ബ്രിട്ടീഷ് സാമ്രാജ്യത്തറവാട്ടു് പൊളിയുമെന്നാണൊ ? അങ്ങിനെയാണെങ്കിൽ മി. ചൎച്ചിൽ എന്നല്ല, ഒരു ബ്രിട്ടീഷ്കാരനും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നനുകൂലിച്ചുവെന്നു വരികയില്ല.

* * *

മദ്ധ്യധരണിക്കടലിന്റെ കിഴക്കെ തീരത്തുകിടക്കുന്ന ഒരു ചെറിയ രാജ്യമാണ് ലബേനൻ. കഴിഞ്ഞ യുദ്ധത്തിന്ന് ശേഷം ഉണ്ടായ സമാധാന ഉടമ്പടികൊണ്ടു് ഈ രാജ്യം ഫ്രാൻസിന്റെ കൈവശം ഭരണത്തിന്നേല്പിച്ചുകൊടുത്തിരുന്നു. ജൎമ്മൻകാരന്റെ ആക്രമണത്തിന്നുശേഷം ഫ്രാൻസ് നാമാവശേഷമായിപ്പോയല്ലൊ. എങ്കിലും ലബേനനിൽ ഫ്രാൻസിന്റെ ആധിപത്യം നടന്നിരുന്നു. ഈ ആധിപത്യം ഇനി ആവശ്യമില്ല ; നമുക്ക് സ്വതന്ത്രരാവാമെന്ന് കരുതി അവിടുത്തെ നിവാസികൾ ഫ്രഞ്ച് അധികാരസ്ഥന്മാരോടെതൃത്തു. പൊതുജനങ്ങളുടെ ഈ എതൃപ്പിനെ ഫ്രഞ്ചുകാർ വെടിവെച്ചമൎത്തിയിരിക്കുന്നു. ലബേനൻ ഒരു മുഹമ്മദീയ രാജ്യമാണ്. ക്രിസ്തുമതക്കാരും ധാരാളം ഉണ്ടു്.

* * *

പട്ടാളത്തിലെ സിവിൽ പയനിയർ ഫോർസ് വകുപ്പിലെ ആളുകളും ഉദ്യോഗസ്ഥന്മാരും കൂടിച്ചേൎന്നു മദിരാശിയിൽ അടുത്തുണ്ടായ വെള്ളപ്പൊക്കത്തിൽ സുമാറു മുപ്പത്തയ്യായിരം ഉറുപ്പികയുടെ സാമാനങ്ങൾ വെള്ളത്തിൽനിന്നു പിടിച്ചുകയററിയിരിക്കുന്നു. ഇവൎക്ക് ഇത്തരത്തിലുള്ള സന്ദൎഭങ്ങളിൽ ഔചിത്യം പോലെ പ്രവൎത്തിപ്പാനുള്ള പരിചയം ഇതിന്നുമുമ്പുതന്നെ വന്നിട്ടുണ്ടു്. 1942 ൽ ബങ്കാളിൽ മിഡ്നാപ്പൂരിൽ കൊടുങ്കാററുണ്ടായ സമയം സിവിൽ പയനിയർ ഫോർസ് വളരെ പൊതുജനസഹായം ചെയ്തിരുന്നു. നാഡിയാ ജില്ലയിൽ വെള്ളപ്പൊക്കം ഉണ്ടായപ്പൊഴും ഇവർ വളരെ അദ്ധ്വാനിച്ചു. ലാഹോറിലും അതുപോലെതന്നെ. ഗവൎമ്മേണ്ടിൽനിന്നും പോതുജനകാൎയ്യങ്ങളിൽ ഇവരെ ഏൎപ്പെടുത്തീട്ടുണ്ടായിരുന്നു. ബോംബായിൽ റോഡുകളും പാലങ്ങളും ഉണ്ടാക്കുവാനും, ഐക്യസംസ്ഥാനത്തിൽ ഫോറസ്റ്റ് ഡിപ്പാൎട്ട്മെണ്ടുകാരുടെ വക മരം പിടിക്കുവാനും ഇവരെ ഒരു കാലത്തു ഉപയോഗിച്ചിരുന്നു.

* * *

മദിരാശി മദ്യനിരോധം നടപ്പിലുണ്ടായിരുന്നതു് (സേലത്തും വേറെ മൂന്നു ജില്ലകളിലും) ഇപ്പോൾ വേണ്ടെന്നുവെക്കുവാൻ സംസ്ഥാന ഗവൎമ്മേണ്ടു് തീൎച്ചയാക്കിയിരിക്കുന്നു. ഇതു് സാഹസമായ ഒരു പ്രവൎത്തിയാണെന്ന് പറഞ്ഞുകൊണ്ടു മൈലാപ്പൂരിൽ ചിലർ ഒരു സഭ കൂടി പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു. ഈ പ്രമേയങ്ങൾ പാസ്സാക്കിയ ശുദ്ധന്മാരുടെ വിചാരം മദ്യനിരോധംകൊണ്ടു് മദിരാശി സംസ്ഥാനത്തിലെ ഇരിപത്താറു ജില്ലകളിൽ നാലെണ്ണം സ്വൎഗ്ഗലോകമായിരിക്കുന്നുവെന്നാണ്. മാത്രമല്ല, ഈ നിയമം എടുത്തുകളഞ്ഞാൽ സംസ്ഥാനത്തിലെ പുഴകളിലും കുളങ്ങളിലും കൂടി കള്ളു നിറഞ്ഞൊഴുകുമെന്നുമാണ് അവരുടെ പേടി. സാമ്യേമ്മാരെ, ആളുകൾക്ക് ഇഷ്ടമുള്ളതു കുടിച്ചോട്ടെ. കള്ളുകുടിയന്മാരെല്ലാംകൂടി സഭകൂടി സാമ്യേമ്മാര് കാപ്പി കുടിക്കരുതെന്നു പറഞ്ഞു് പ്രമേയം പാസ്സാക്കിയാലൊ ? കള്ളുനികുതിയെപ്പററി ആരും പരിഭ്രമിക്കേണ്ടാ ; ഇതിന്ന് കള്ളിന്റെ നാററം ഉണ്ടാകയില്ല. അതു് അധൎമ്മമാണെന്നൊ മറെറാ പറകയാണെങ്കിൽ, നല്ല ശിക്ഷ, മലബാറിൽ മുമ്പുണ്ടായിരുന്ന രാജാക്കന്മാർ ചുമത്തിയ നികുതികളിൽ ഒന്നിന്നു പുലയാട്ടുപെണ്ണെന്നായിരുന്നു പേർ.

## റഷ്യാ – ജൎമ്മൻ യുദ്ധം

### 219-ാമത്തെ ആഴ്ച

### 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ച

# പ്രതിവാരചിന്തകൾ

ശാന്തസമുദ്രരംഗം, തെക്കുപടിഞ്ഞാറെ ഖണ്ഡം, ഒന്നിളകി മറിഞ്ഞിരിക്കുന്നു. കഴിഞ്ഞ ജൂൺ 30-ാം തിയ്യതി ജനറൽ മക്ക്ആർതർ അവിടെ വെച്ച് ആരംഭിച്ചതായ ആക്രമണം വർദ്ധിച്ചുവന്നു ഇപ്പോൾ ജപ്പാൻകാരന്നു തീരെ സ്വസ്ഥതയില്ലാതായിട്ടുണ്ട്. ന്യൂ ബ്രിട്ടൺ ദ്വീപിലെ റബോൾ തുറമുഖത്ത് ജപ്പാന്ന് സ്വൈരമായി ഒരു സൈന്യസങ്കേതം ഉറപ്പിക്കുവാനിടവരരുതെന്ന് വെച്ചു മക്ക്ആർതർ അത്യന്തം പരിശ്രമിക്കുന്നു. ഈ സങ്കേതം അവിടെ നിന്നിളകിയാൽ ജപ്പാന്ന് ശാന്തസമുദ്രത്തിന്റെ ഈ ഖണ്ഡത്തിൽ യാതൊരുറപ്പുമില്ല. പക്ഷേ ഇവിടെനിന്നു ജപ്പാന്റെ സ്ഥിതിയിളക്കുവാൻ അത്ര എളുപ്പമാണെന്ന് പറയുന്നില്ല. ജപ്പാനിൽ നിന്ന് ഇവിടേക്കുള്ള വഴിയിൽ കിടപ്പുള്ള ദ്വീപുകൾ മിക്കതും അവരുടെ കൈവശം വന്നിരിക്കുന്നതിനാൽ ജപ്പാൻ വിമാനങ്ങൾക്കു തുരുതുരെയായി ഇവിടെ പറന്നെത്തുവാൻ യാതൊരു പ്രയാസവുമില്ലത്രെ. എങ്കിലും കഴിഞ്ഞ 13-ാം തിയ്യതി അമേരിക്കൻ വിമാനസൈന്യം റബോൾ തുറമുഖത്തു നടത്തിയ ആക്രമണം ആലോചിച്ചാൽ ജപ്പാൻ എത്ര മഹൽശക്തിയായാലും തകർന്നുപോകാതെ കഴികയില്ലെന്നു തീർച്ചയാണ്. അന്നൊരു ദിവസത്തെ ആക്രമണത്തിൽ 15 ജപ്പാൻ പടക്കപ്പലുകളും 64 വിമാനങ്ങളും നശിച്ചിട്ടുണ്ട്.

## ഇററലിയിലെ കുഴപ്പം

ഹലാക്ക്, ഹലാക്ക് എന്നുവെച്ചാൽ എന്താണ്? ഇതിന്നൊരുദാഹരണം കാണാതെ ഇനിയാരും ബുദ്ധിമുട്ടേണ്ടാ. ഇററലിയിൽ ഒന്ന് ചെന്ന് നോക്കിയാൽ മതി. മുസ്സോളിനിയും കൂട്ടക്കാരും ആദ്യം രാജ്യഭാരം ഒഴിഞ്ഞു; പിന്നെ മടങ്ങിവന്ന് ഏതോ ഒരു ഹോട്ടലിന്റെ ഉള്ളിൽ ഒരു മുറി വാടകക്കെടുത്തു അതിൽ ഇററലിയൻ ഭരണം സ്ഥാപിച്ചുവെന്നു പറയുന്നു. അപ്പോഴെക്കും മുസ്സോളിനിയുടെ സ്ഥാനത്തു ബഡോഗ്ലിയോവും കൂട്ടരും വന്നു വേറൊരു ഭരണം സ്ഥാപിച്ചു. അവരുടെ ഒന്നിച്ച് ഇററലിയിലെ രാജാവും നിന്നു. ഈ ഭരണം ഇററലിയിൽ ചിലേടങ്ങളിലെല്ലാം നടക്കുന്നു. ഐക്യകക്ഷികൾ ഈ ഭരണത്തിനെ അംഗീകരിക്കുകയും ചെയ്തു. കുറച്ചു ദിവസം ഈ നിലക്കു നടന്നപ്പോഴേക്കും രാജാവിന്നു ഏഴരശ്ശനിയാരംഭിച്ചു. രാജാവു രാജ്യഭാരം ഒഴിയേണമെന്നായി. കഴിഞ്ഞാഴ്ച, ഇദ്ദേഹം രാജ്യഭാരം ഒഴിയുമെന്നു തീർച്ചയായിക്കേട്ടിരുന്നു. ഇയാഴ്ചയായപ്പോഴേക്കും അത്രവേഗം ഒഴിയുകയില്ലെന്നു കേൾപ്പാനുണ്ട്. ബഡോഗ്ലിയോവിന്നും കൂട്ടക്കാർക്കുമാണ് ഇപ്പോൾ ആട്ടം തുടങ്ങിയിരിക്കുന്നത്. കൌണ്ട് സ്ഫോർസാ എന്നൊരു നേതാവു പുതുതായി രംഗപ്രവേശം ചെയ്തിരിക്കുന്നു. ഇതു രാജാവിന്നെതിരായിട്ടാണെന്നാണ് പറയുന്നതെങ്കിലും ബഡോഗ്ലിയോവിന്നും എതിരാണ്. ഇത്ര കുഴപ്പം രാജ്യക്കാരുടെ ഇടയിൽതന്നെയുണ്ട്. ഇങ്ങിനെ ഇവർ തമ്മിൽതല്ലി അധികാരത്തിന്നു കൊതിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇററലിയിൽ യഥാർത്ഥാധികാരം മററുള്ളവരുടെ കൈവശമാണ്. വടക്കൻ ഇററലി മുതൽ റോം നഗരിവരെ ഇററലി ജർമ്മൻ സൈന്യത്തിന്റെ അധീനത്തിലാണ്. തെക്കൻ ഇററലി മുഴുവൻ ഐക്യകക്ഷി സൈന്യങ്ങളുടെ കൈവശവുമാണ്.



മൌണ്ട്ബാറ്റൻ പ്രഭു ഇന്ത്യയിൽ എത്തിയ ഉടനെ ചൈനക്കു പോയിയെല്ലൊ. ചൈനയിൽ ചുങ്കിങ്ങിൽ ചെന്ന് ഇറങ്ങിയ ഉടനെ അദ്ദേഹത്തെ ചൈനയിലെ ഒരു സൈന്യ ഉദ്യോഗസ്ഥൻ സ്വാഗതം ചെയ്യുന്നു.

## ആസ്ത്രിയ

ആസ്ത്രിയയെ കാണ്മാനില്ലേ? എന്നാൽ എവിടെയെങ്കിലും തിരഞ്ഞു് ആ രാജ്യത്തെ ഒന്നു് കണ്ടുപിടിക്കേണമല്ലോ; ഇല്ലെങ്കിൽ യൂറോപ്പിൽ സമാധാനമെന്ന ഒരു സമുദായമൎയ്യാദയുണ്ടാവാൻ വഴിയില്ല; എന്നായിരുന്നു പണ്ടൊരു ഭേദപ്പെട്ട യൂറോപ്യൻ നേതാവു് ആസ്ത്രിയയെപ്പററി പ്രസ്താവിച്ചതു്. അന്നു് യൂറോപ്പിൽ ഒരുവക യുദ്ധം കഴിഞ്ഞു് സമാധാന ഉടമ്പടി ഉണ്ടായ സന്ദൎഭമായിരുന്നു. ഈ സന്ദൎഭത്തിൽ ആസ്ത്രിയയെ ഒരു സ്വതന്ത്ര കോയ്മയായി മേലിൽ നിലനിൎത്തണ്ടെന്നു് തീൎച്ചപ്പെടുത്തിയ ഘട്ടവുമായിരുന്നു. ആസ്ത്രിയയെ വേണ്ടെന്നു വെച്ചാൽ അതിന്റെ ഭവിഷ്യത്തു് ഇന്നതാണെന്നു് ധ്വനിപ്പിച്ചുകൊണ്ടുള്ള ഒരു അഭിപ്രായമാണു് മേലുദ്ധരിച്ചതു്. അതിന്നുശേഷം ആസ്ത്രിയയെ പിന്നേയും പുനൎജ്ജീവിപ്പിച്ചു. പിന്നീടു് ആസ്ത്രിയക്കു് ഒരു മൃത്യുവന്നതു് ഹിററ്ലർ 1938 ഏപ്രിൽ മാസത്തിൽ ഈ രാജ്യത്തെ ജൎമ്മനിയോടു കൂട്ടിച്ചേൎത്തപ്പോളാണു്. അന്നു മുതല്ക്കു ഇന്നേവരെയും ആസ്ത്രിയക്കു സ്വാതന്ത്ര്യമായും സ്വാശ്രയമായും ഉള്ള ഒരു നിലയില്ല.

## മോസ്ക്കോ സമ്മേളനവും ആസ്ത്രിയയും

അടുത്തു കഴിഞ്ഞ മോസ്ക്കോ സമ്മേളനത്തിൽ പലേ കാൎയ്യങ്ങളും തീരുമാനം ചെയ്തുവെങ്കിലും, ഭാവിയിൽ യൂറോപ്പിലെ സമാധാനത്തെ സംബന്ധിച്ചേടത്തോളം വളരെ ഗൌരവമായ ഒരു തീൎപ്പുണ്ടായതു് ആസ്ത്രിയയെ പുനരുദ്ധാരണം ചെയ്തു് ഒരു സ്വതന്ത്രരാജ്യമാക്കി നിലനിൎത്തുവാനുള്ളതാണു്. ഈ തീൎപ്പുകൊണ്ടു് മോസ്ക്കോവിൽ സമ്മേളിച്ച നേതാക്കന്മാർ ലോകചരിത്രപഠനത്തിന്റെ അനുഭവം വിശദീകരിച്ചു. യൂറോപ്പിൽ ഇടക്കിടക്കു സമാധാനമില്ലാതെ വരുന്ന പ്രദേശം മദ്ധ്യയൂറോപ്പും, യൂറോപ്പിന്റെ തെക്കുകിഴക്കൻ പ്രദേശങ്ങളുമാണു്. ഇവിടങ്ങളെ സമാധാനത്തോടുകൂടി നിലനിൎത്തുവാൻ ആസ്ത്രിയയെപ്പോലെ ഒരു ശക്തിയായ സ്വതന്ത്രകോയ്മയുണ്ടായാലെ നിവൃത്തിയുള്ളുവെന്നു് ചരിത്രംകൊണ്ടു് അനുഭവവുമാകുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണു് ആസ്ത്രിയയെ പുനൎജ്ജീവിപ്പിക്കുവാൻ ഐക്യകക്ഷി നേതാക്കന്മാർ തീൎച്ചയാക്കിയതു്. ആസ്ത്രിയക്കെന്താണിത്ര ഒരു വിശേഷം? ആസ്ത്രിയക്കാരും മിക്കവാറും ജൎമ്മൻകാർ തന്നെയല്ലേ? എന്നൊരു ചോദ്യത്തിന്നവകാശമുണ്ടു്. ശരിതന്നെ. ഒരു തേക്കു മുറിച്ചാൽ അതിന്റെ എല്ലാ ഭാഗങ്ങളും പണിത്തരമായുപയോഗിക്കാറുണ്ടോ? ഇലയും, കൊമ്പും മററും അതാതിന്നുപററിയ ഉപയോഗങ്ങൾക്കല്ലേ എടുക്കാറുള്ളു? ജൎമ്മൻ സമുദായത്തിന്റെ ഏററവും സംസ്ക്കരിച്ച ഭാഗമാണു് ആസ്ത്രിയ. ഈ സമുദായത്തിന്റെ ഏററവും പോക്കിരി ഭാഗമാണു് പ്രഷ്യ, അല്ലെങ്കിൽ ഇന്നു് ജൎമ്മൻകാരെന്നു പറയുന്നവർ അധിവസിക്കുന്ന പ്രദേശം. മദ്ധ്യ യൂറോപ്പിൽ സമാധാനപരമായ ഒരു ജീവിതം വേണമെന്നുണ്ടെങ്കിൽ ഏററവും സംസ്ക്കരിച്ചതായ ആസ്ത്രിയായുടെ നേതൃത്വത്തിൽ ഒരു സൎവ്വ രാഷ്ട്ര സമുദായത്തെ സൃഷ്ടിക്കുകയൊ, അതിന്നു് സാധിക്കാത്തപക്ഷം പ്രഷ്യയുടെ (ജൎമ്മനിയുടെ) അക്രമ ബുദ്ധി വളൎന്നു വരുന്നതിനെ ദുൎബ്ബലപ്പെടുത്തുമാറുള്ള ഒരു സാത്വിക ശക്തിയെ ആസ്ത്രിയായിൽ സ്ഥാപിക്കുകയൊ ചെയ്യാതെ കഴികയില്ല. ഈവക ഉദ്ദേശങ്ങളോടുകൂടിയാണു് ആസ്ത്രിയയെ ഇപ്പോൾ ഐക്യകക്ഷികൾ പുനൎജ്ജീവിപ്പിക്കുവാൻ തീൎച്ചയാക്കിയിരിക്കുന്നതു്.

## ജൎമ്മനിയും ആസ്ത്രിയയും

ജൎമ്മനിയും ആസ്ത്രിയയും ഒരേ സമുദായമാണെങ്കിലും അവരിരുവരും തമ്മിൽ അജഗജാന്തരമുണ്ടു്. സംസ്ക്കാരംകൊണ്ടു് ആസ്ത്രിയക്കാർ വളരെ ശാന്തന്മാരും ലളിതകലകളിലും സംഗീതത്തിലും അതിവിദഗ്ദ്ധന്മാരുമാകുന്നു. രാഷ്ട്രീയ വിഷയങ്ങളിലാണെങ്കിൽ അനേകം നൂററാണ്ടുകളായി ആസ്ത്രിയക്കാർ ഭരണകാൎയ്യങ്ങളിൽ വളരെ പരിചയം വന്നവരാണു്. ജൎമ്മനിയാകട്ടെ ഒരു കോയ്മയുടെ നിലക്കു് വളരെ നൂററാണ്ടുകളായി നിലനിന്നിട്ടുള്ള ഒരു തറവാടിത്തം ഇതേവരെ സമ്പാദിച്ചിട്ടില്ല. അയൽ രാജ്യങ്ങളെ സൎവ്വദാ ശങ്കിച്ചും, അവരെ അമൎത്തുവാൻ എപ്പോഴാണു് സൌകൎയ്യമെന്നു് നോക്കിയും കൊണ്ടിരിക്കുന്ന ഒരു സമുദായമാണു്. ജൎമ്മനിക്കു സംഗീതവും, സാഹിത്യവും മററു കലകളും ഇല്ലെന്നല്ല പറയുന്നതു്. എന്നാൽ ജൎമ്മൻ സമുദായത്തിൽ ഈ വക വിദ്യകളിൽ ആസക്തിയുള്ളവർ ജൎമ്മനിവിട്ടു ആസ്ത്രിയായിലാണു് വന്നു താമസിക്കാറു്. അതുപോലെതന്നെ ആസ്ത്രിയയിൽ വല്ല പോക്കിരികളും ജനിച്ചാൽ അവൎക്കു അവിടെ വളരുവാൻ സാദ്ധ്യമല്ല. അതിനാൽ അവർ ജൎമ്മനിക്കു പോകും. അതുകൊണ്ടല്ലെ ഹിററ്ലർ ആസ്ത്രിയയിൽ ജനിച്ചു് ജൎമ്മനിയിൽ പോയി വളൎന്നതു്? ജന്മഭൂമിയിൽ വളരുവാനെന്തെ ഹിററ്ലൎക്കു തടസ്ഥമുണ്ടായിരുന്നതു്? ആസ്ത്രിയയിലെ കാററും വെള്ളവും ആയാൾക്കു ചേൎന്നതല്ല. നേരെമറിച്ചു് ജൎമ്മനിയിൽ ചെന്നപ്പോൾ ആയാൾ മിടുക്കനായി. ആയാളുടെ ബുദ്ധിവൈഭവങ്ങൾ മുഴുവൻ അവിടെ പ്രകാശിച്ചു. ആയാൾക്കു വേണ്ടത്ര സഖാക്കളെയും അവിടെ കിട്ടി. നോക്കണം പ്രകൃതിയുടെ ഒരു വൈഭവം! ഹിററ്ലർ വല്ല സംഗതിവശാലും ആസ്ത്രിയയിൽനിന്നു പോകാതെ അവിടെത്തന്നെ ജീവിക്കേണ്ടിവന്നിരുന്നുവെങ്കിൽ ഒരുപക്ഷെ വെള്ളത്തിൽനിന്നു് കരക്കെടുത്തിട്ട മത്സ്യത്തെപ്പോലെ ഉടനെത്തന്നെ ചത്തേനെ. ഇതൊന്നും ഇല്ലാതെ ആയാൾ ജൎമ്മനിയിൽ എത്തിച്ചേരുവാനിടവന്നതു് ലോകത്തിന്റെ നിൎഭാഗ്യം.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 നവെമ്പർ 19-ാംനു, വെള്ളിയാഴ്ച


### ജനറൽ വററൂററിൻ

റഷ്യയിൽ യാതൊരു വേഷവും, എത്ര വൻമേഷമായിരുന്നാലും ശരി, അരങ്ങ് മുഷിപ്പിക്കുന്നില്ല. കളികാണ്മാൻ ഇരിക്കുന്നവൎക്ക് ഇതു് വളരെ സുഖമായിട്ടുതാണു്. അങ്ങിനെയല്ലായിരുന്നുവെങ്കിൽ ആട്ടം എത്ര നന്നായാലും അരങ്ങ് മുഷിയാതിരിക്കയില്ല. കാണ്മാനിരിക്കുന്നവർ കോട്ടായ ഇടുവാനും ഉറക്കം തൂക്കുവാനും ആരംഭിക്കും. റഷ്യൻരംഗം ഈ കാൎയ്യത്തിൽ എത്രയൊ കൌതുകമായിരിക്കുന്നു. വോറൊഷിലോവ്, ബുഡെനി, ടിമോഷങ്കൊ ഇവരെല്ലാം അണിയറയിൽപോയി വേഷമഴിച്ചു് ഉറക്കം തുടങ്ങിയപോലെ ഇരിക്കുന്നു. ഇന്നു് ജൎമ്മൻകാൎക്ക് ന്തകനായി കേൾക്കുന്നതു് വററൂററിൻ എന്നൊരാളെയാണു്. ഈയാളുടെ യുദ്ധവൈദഗ്ദ്ധ്യം നോക്കിയാൽ ഇത്ര മിടുക്കനായി ഇതിന്നു് മുമ്പു് ആരും ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. കീവ്, സപ്രൊഷെ, നീപ്പർപെട്രോവെസ്ക്ക് എന്നീ സ്ഥലങ്ങളിൽനിന്നു് ജൎമ്മൻകാരെ ഉച്ചാടനമാക്കിയതു് ഈ മിടുക്കനാണു്. ഇദ്ദേഹത്തിൻെറ നിമിഷംപ്രതി വൎദ്ധിച്ചു വരുന്ന വിജയവിക്രമങ്ങളുടെ ശക്തികൊണ്ടു് "വജ്രായുധ വിക്രമൻ" എന്നൊരു പുതിയ പേരും കൂടി സമ്പാദിച്ചിരിക്കുന്നു. നീപ്പർ നദി കടന്നു് ഇപ്പോൾ ഇദ്ദേഹം, ഹനുമാൻ സൂൎയ്യബിംബംകണ്ടു് കുതിച്ചപോലെ, കുതിക്കുന്നതു് നേരെ പടിഞ്ഞാട്ടാണു്. പടിഞ്ഞാറു പോളണ്ടിൻെറ അതൃത്തിയിൽ ഇദ്ദേഹത്തിൻെറ കീഴിലുള്ള റഷ്യൻ സൈന്യം എത്താറായിരിക്കുന്നുവെന്നാണു് അറിയുന്നതു്. നാലു മാസത്തെ യുദ്ധംകൊണ്ടു് ഈ ഭീമപരാക്രമിയായ സൈന്യനായകൻ ജൎമ്മൻകാരുടെ പ്ലാൻ മുഴുവൻ തെററിച്ചുകളഞ്ഞു. അവരുടെ സൈന്യങ്ങളെ ഓരോ ദിക്കുകളിലായി വളഞ്ഞു നശിപ്പിച്ചു. ക്രിമിയായിൽ സ്ഥിതിചെയ്യുന്ന ജൎമ്മൻ സൈന്യത്തിന്നു് യാതൊരു രക്ഷയുമില്ലാത്തവിധം അവരെ മററു ജൎമ്മൻ സൈന്യങ്ങളിൽനിന്നു് വേർപെടുത്തി. റഷ്യയിൽ വൎഷക്കാലം ആരംഭിച്ചുതുടങ്ങി. വൎഷക്കാല സമരത്തിന്നു് വേറൊരു ധീരയോദ്ധാവു രംഗപ്രവേശം ചെയ്യുമായിരിക്കാം. ജനറൽ വററൂററിന്നു് ഉറങ്ങാറായി.



### സോഫയാ

ഈ പട്ടണം ബൾഗേറിയായുടെ തലസ്ഥാന നഗരിയാകുന്നു. ഇതേവരേയും ഐക്യകക്ഷികളുടെ ഉപദ്രവം ഇല്ലാതെ സുഖമായി നിദ്രചെയ്വാൻ സാധിച്ചിരുന്ന ഒരു സ്ഥലമായിരുന്നു ഇതു്. ഇവിടെ ഇനിമേലിൽ ഇതിന്നു നിവൃത്തിയില്ലെന്നുള്ള സ്ഥിതിയായിരിക്കുന്നു. നവെമ്പർ 15-ാം തിയ്യതി ഐക്യകക്ഷികളുടെ വിമാനങ്ങൾ ഇററലിയിലെ വിമാനസങ്കേതങ്ങളിൽനിന്നു് പറന്നു് വന്നു് ഇവിടെ ബോംബുവൎഷം ചെയ്തു പോയിരിക്കുന്നു. റെയിൽവെസ്ഥാപനങ്ങളായിരുന്നു ഇവരുടെ പ്രധാന ലക്ഷ്യം. ബൾഗേറിയാ, റുമേനിയാ മുതലായ രാജ്യങ്ങൾ ഭയപ്പാടുകൊണ്ടു് ഹിററ്ലൎക്കു് കീഴടങ്ങി നാസികക്ഷിക്കാരുടെ കൂത്തരങ്ങായിക്കഴിയുന്നവയാണു്. ഇവൎക്കു് നാസികളോടു് പ്രത്യേകിച്ചു് യാതൊരു പ്രേമത്തിന്നും വഴിയില്ലെങ്കിലും, നാസികളുടെ ആധിപത്യം ഇവകളിൽ പ്രബലമായി സ്ഥാപിച്ചിട്ടുള്ളതുകൊണ്ടു് അവരെ അവിടങ്ങളിൽനിന്നോടിക്കുന്നതുവരെ ഐക്യകക്ഷികളുടെ പ്രഹരം അവർ അനുഭവിക്കാതെ കഴികയില്ല. ഐക്യകക്ഷികൾ ഒരു പുറത്തുനിന്നു് ഇവരെ പ്രഹരം ആരംഭിച്ചപോലെത്തന്നെ മറെറാരു പുറത്തുനിന്നു് റഷ്യയും അവരെ അടിക്കാൻ തുടങ്ങും. യൂക്കറൈനിൽ ഇപ്പോൾ നടക്കുന്ന യുദ്ധം അധികം താമസിയാതെ ആ രംഗത്തിൽനിന്നു് മുന്നോട്ടു കടക്കും. മുന്നോട്ടു കടക്കുന്നതു് റുമേനിയായിലെക്കാണു്. റുമേനിയായും റഷ്യയും തമ്മിൽ ഇനി യാതൊരു മൈത്രീഭാവവും ബാക്കിയില്ല. ഈ സംഗതി റുമേനിയായിന്നു് ധാരാളം അറിയുന്നതിനാൽ ഇപ്പോൾതന്നെ അത്യന്തം പരിഭ്രമിച്ചിരിക്കുന്നുവെന്നാണു് അറിയുന്നതു്. റുമേനിയായിൻെറ നേരെ തെക്കെ അതൃത്തിയിലാണു് ബൾഗേറിയാ. ഇവൎക്കെല്ലാം കരവഴിയായി കിട്ടുന്ന പ്രഹരത്തിന്നുപുറമെ കരിങ്കടൽ വഴിയായും റഷ്യൻ കടൽപ്പട ആക്രമം നടത്താതിരിക്കയില്ല. വിമാനമാൎഗ്ഗമായി വരുന്ന ആക്രമണത്തിന്നു് എല്ലാ ദിക്കിലും വഴികൾതന്നെയാണല്ലൊ. നവെമ്പർ 15-ാം തിയ്യതി സോഫയാ നഗരിയെ ആക്രമിച്ചുവെന്നു് കേട്ടതു അടുത്ത ഭാവിയിൽ ഉണ്ടാകുന്ന അനുഭവങ്ങളുടെ ഒരു ഗണപതിക്കയ്യായി കരുതിയാൽ മതി.

---

### കാലം!

"പങ്കാണത്തു് പങ്കു മേനോൻ കാരണോരായിരുന്ന കാലത്തു് പടിക്കൽകൂടി കാക്ക പാറുകയില്ല, കിട്ടൊ. മഞ്ചലിൽ കയറി പടിക്കൽ കൂടി ഒരാൾക്കു മൂളിച്ചു കൊണ്ടു പോകാൻ ധൈൎയ്യം വരില്ല. എന്തൊരു സ്വശക്തിയുള്ള തറവാടായിരുന്നു അതു്! അതു


പോലെത്തന്നെ ധമ്മവും. പണ്ടാരങ്ങൾക്ക രണ്ടു നേരം ചോറ്. ത്രികാലപൂജയായിട്ടുള്ള ഈശ്വരസ്സേവ. യശസ്സും അങ്ങിനെത്തന്നെ. കേരളത്തിലെ ഭേദപ്പെട്ട ജന്മിമാരെല്ലാം അവിടെ ബന്ധുക്കളായിരുന്നു." ഈ സ്തോത്രം ചൊല്ലാവുന്ന എത്രയെത്ര തറവാട്ടുകൾ മലബാറിൽ മുമ്പുണ്ടായിരുന്നു! ഇന്നവയെല്ലാം എവിടെ പോയി? അവയുടെ പേരുകൾ ഇന്നും ബാക്കിനില്ക്കുന്നു. സ്വത്ത് മുഴുവൻ ബാങ്കുകാരൻ കോന്തപ്പട്ടർക്ക പണയമാണ്. ഇരിക്കുന്ന പറമ്പും കൂടി പണയത്തിൽ പെട്ടിരിക്കുന്നു. പുരമാത്രം വീട്ടുകാരുടെ കൈവശമുണ്ടു്. കെട്ടിമേയിക്കാൻ കാശില്ല. കഴുക്കോലുകളും പട്ടികകളും ചിതൽ പിടിച്ചുപോയതിനാൽ ഓടെല്ലാം പലഭാഗങ്ങളിലും പൊളിഞ്ഞു വീണു് പുര ചൊന്നൊലിച്ചു കിടക്കുന്നു. പെണ്ണുങ്ങൾ കോന്തപ്പട്ടരുടെയും മൊയ്തീൻകുട്ടി മൊതലാളിയുടെയും അരിക്കച്ചവടം ചെയ്യുന്ന പാണ്ടികശാലകളിലേക്ക നെല്ലുകുത്തി ഉപജീവനം കഴിക്കുന്നു. പങ്കാണത്തു് ശങ്കര മേനോൻ ഐ. സി. എസ്സിൻെറ തറവാട്ടം ഇതു തന്നെയാണ്. പക്ഷെ അദ്ദേഹം പരീക്ഷയിൽ പാസ്സാവുന്നതുവരെ മാത്രമെ തറവാട്ടിനെ ആശ്രയിച്ചുള്ളു. പരീക്ഷ കഴിഞ്ഞു് ഉദ്യോഗത്തിൽ ആയ ഉടനെ ചാലപ്പുത്തു് ജഡ്ജി ചാത്തു മേനോൻെറ മകളെ സംബന്ധം ചെയ്തു. തറവാട്ടിലെക്കൊന്നും വരവെ ഇല്ല. ഇവിടെനിന്നു് ആരെങ്കിലും അങ്ങോട്ടു ചെന്നാൽ പടി കടക്കുവാൻ സമ്മതിക്കയുമില്ല.

എന്തൊരു കാലഗതിയാണിതു്! ഇത്ര ദുസ്സഹമായ മാററം മനുഷ്യൻെറ ബുദ്ധിമോശം കൊണ്ടുവന്നു ചേർന്നതൊ, അതോ ആരാലും തടുപ്പാൻ സാധിക്കാത്ത കാലശക്തികൊണ്ടു വന്നതൊ? കാലശക്തി കൊണ്ടുവന്നുചേർന്നേടത്തോളം നമുക്ക യാതൊന്നും ബാധകമല്ല. എന്നാൽ മനുഷ്യൻെറ ബുദ്ധിമോശം കൊണ്ടുവന്നേടത്തോളം ഒരു പ്രാവശ്യമല്ലെ വരുവാൻ സമ്മതിക്കാവൂ? ബുദ്ധിമോശം കൊണ്ടു് ഒരു പ്രാവശ്യം കഷ്ടപ്പാടനുഭവിച്ചു കഴിഞ്ഞാൽ രണ്ടാമതു് അതേ അനുഭവം വരുവാൻ ഇടവരുത്താമൊ? ഇന്നെത്തെ സ്ഥിതി കാണുമ്പോൾ കഷ്ടപ്പാടിൽനിന്നു നാം പഠിക്കേണ്ടതായ പാഠം ഇനിയും പഠിച്ചിട്ടില്ല. ഉണ്ടെങ്കിൽ മറെറന്തു പ്രവൃത്തിയെക്കാളും ആദ്യമായി ചെയ്യേണ്ട കമ്മം നമ്മുടെ കഷ്ടപ്പാടു് തീക്കാൻ ശ്രമിക്കുകയാണ്. സുഭിക്ഷത്തിന്നും, സുഖലോലുപജീവിതത്തിന്നും കേരളീയർ കാംക്ഷിക്കേണമെന്നല്ല വിവക്ഷ. ദാരിദ്ര്യത്തിൻെറ ബാധയില്ലാതെ കഴിഞ്ഞുകൂടുവാൻ മാത്രമെ ശ്രമിക്കേണ്ടതുള്ളു. കേരളത്തിൽ ഒരു കാലത്തും ഐശ്വയ്യമദം ഉണ്ടായിട്ടില്ല. ഭൂപ്രകൃതി അതിന്നനുസരിച്ചതല്ല. സമുദായ നടവടി അനേക ശതാബ്ദങ്ങളായി അതിന്നനുസരിച്ചതല്ല. ഇന്നെത്തെ നമ്മുടെ താളം മുഴുവൻ പിഴച്ചിട്ടാണ്. അതിൻെറ അനുഭവം നമുക്ക കാണുന്നതുമുണ്ടു്. അധികം കാലം മുമ്പൊന്നുമല്ല, അടുത്ത കാലത്തു് കേരളത്തിനെ നിഷ്കപടമായി സ്നേഹിച്ചു്, കേരള സംസ്കാരത്തെ നിസ്സീമമായി സ്തുതിചെയ്ത ഒരു മാന്യമിത്രമായിരുന്ന മി. ലോഗൻ. കേരളത്തിന്നു ഒരു ചരിത്രമില്ല. എന്തിനാണ് കേരളസമുദായത്തിന്നു് ചരിത്രം? മതമത്സരങ്ങളാകട്ടെ, സമുദായവഴക്കുകളാകട്ടെ അവരെ ബാധിച്ചിട്ടില്ല; ഏററവും സംതൃപ്തിയോടും, സുഖമായും, പൌരുഷധമ്മത്തോടും കൂടി ജീവിക്കുന്ന ഈ സമുദായത്തിൻെറ ചരിത്രം ഭാവിയിൽ എഴുതുവാൻ ഒരു കേരളസന്താനം തന്നെ ശ്രമിച്ചാലേ ആവൂ എന്നാണ് അദ്ദേഹം എഴുതിട്ടുള്ളതു്.

മനുഷ്യൻെറ ആശക്കളവില്ല. കൃഷി വേണ്ടെന്നു വെച്ചു് വ്യവസായം വദ്ധിപ്പിക്കേണമെന്നും അങ്ങിനെ ചെയ്യുമ്പോൾ കുറെക്കൂടി ജീവിക്കാനുള്ള നിവൃത്തിമാഗ്ഗമുണ്ടാകുമെന്നുമാണ് ഇന്നെത്തെ പരിഷ്കാരകാംക്ഷികളും, ധനശാസ്ത്രപണ്ഡിതന്മാരും പറയുന്നതു്. ഇന്ത്യക്കാരുടെ ജീവിതചിട്ട കുറെക്കൂടി ഉയരണമെന്നും, അങ്ങിനെ ഉയരാത്തതുകൊണ്ടാണ് പാശ്ചാത്യരും നൊമ്മളും അകന്നിരിക്കുന്നതെന്നുമാണ് ചിലരുടെ അഭിപ്രായം. ജീവിതചിട്ട ഉയത്തുന്നതിന്നററമില്ല. കുളിക്കുന്നതു് പച്ച വെള്ളത്തിലാവാം; ചൂടുവെള്ളത്തിലാവാം; കാശുണ്ടെങ്കിൽ പനിനീരിലുമാവാം. രാമായണചമ്പുവിൽ രാവണൻെറ കുളിയെപ്പററി കേട്ടിട്ടില്ലെ? സാലഭഞ്ജികളിൽ പിടിപ്പിച്ചതായ സ്വർണ്ണകുംഭങ്ങളിൽ ചന്ദ്രകാന്തിച്ചില്ലു വെച്ചു് അതിൽ ചന്ദ്രരശ്മിതട്ടിച്ചു്, അതിൽ നിന്നുണ്ടാകുന്ന ജലത്തിലായിരുന്നു രാവണൻ നായാട്ടു കഴിഞ്ഞു വന്നാൽ കുളിച്ചിരുന്നതു്. ഇത്തരത്തിലുള്ള കുളിയൊന്നും പൊതുജനങ്ങൾക്കാവശ്യമില്ല. ശുദ്ധജലം സുലഭമായിക്കിട്ടുന്ന കേരളീയക്ക ഒട്ടും ആവശ്യമില്ല. ഇതനുസരിച്ചുതന്നെയാണ് മററുള്ള ജീവിതനയവും. താണസ്ഥിതിയിൽ ജീവിക്കുന്നവന്നെ ഉയന്നനിലയിൽ ചിന്തിക്കുവാൻ സാധിക്കയുള്ളുവെന്നു പാശ്ചാത്യശാസ്ത്രജ്ഞന്മാർ തന്നെ സമ്മതിക്കുന്ന സംഗതിയാണ്. പോരെങ്കിൽ ജീവിതരീതി ഉയത്തിയ പാശ്ചാത്യസമുദായങ്ങളുടെ ഇന്നെത്തെ മൃഗീയജീവിതം ഒന്നു് ആലോചിച്ചു നോക്കുവിൻ. ജീവിത രീതിയുടെ ഉയച്ചു മതിയാകാത്തതുകൊണ്ടു വന്നുചേരുന്ന കഷ്ടതകളാണ് ഇതെല്ലാം.

യുദ്ധമുണ്ടാകാതെ ഇരിപ്പാൻ വേണ്ടി പലരും പല വഴികളും പറയുന്നതു കേൾപ്പാനുണ്ടു്. ഇതെല്ലാം പണ്ടു് പട്ടരെ പററിക്കാൻ വേണ്ടി കൊന്ന വെട്ടിക്കളഞ്ഞ കഥ പോലെയാണ്. യുദ്ധമുണ്ടാകാതിരിക്കേണമെങ്കിൽ മനുഷ്യസമുദായം ആശക്കു അളവു വെക്കണം. ആചരിക്കുന്ന ജീവിതരീതി മററു സമുദായങ്ങളേയും ജീവിക്കാനനുവദിക്കുന്നതായിരിക്കണം. താണരീതിയിൽ ജീവിച്ചു് ഉയന്നരീതിയിൽ ചിന്തിച്ചുകൊണ്ടുള്ള ജീവിതവുമായിരിക്കണം. ഇത്തരത്തിലുള്ള ജീവിതത്തിന്നു കേരളത്തറവാടല്ലെങ്കിൽ പിന്നെ മറെറന്താണ് ഉള്ളതു്?


# ഇന്ത്യൻ വൈമാനിക പരിശീലന സ്ഥലം



ഓഫീസർ കമാണ്ടിങ്ങ് പുതുതായി ചേർന്നുവരുന്ന യുവാക്കളോടു സംസാരിച്ചു നില്ക്കുയാണ്. അവരെ നല്ല വാക്ക് പറഞ്ഞു ധൈര്യപ്പെടുത്തുന്നു.



ആദ്യമായി ചേരുന്നവക്കെല്ലാം അവരുടെ ഉടുപ്പുകളും മററു പട്ടാള ഉപകരണങ്ങളും കൊടുക്കുന്നു.



കുട്ടികളുടെ ആദ്യപാഠങ്ങൾ. വൃത്തിയായും ചൊടിയായും ഇരിക്കേണമെന്നാണ് ആദ്യം പഠിപ്പിക്കുക.

# ഇരിപതു ലക്ഷം പവൻ!

## ഏററവും അഭിമാനകരമായിട്ടുള്ളതുതന്നെയാണ്!

ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണരുടെ
യുദ്ധഫണ്ടു് 20 ലക്ഷം പവൻ അതൃത്തി ഇതാ കടന്നിരിക്കുന്നു!

[സേർ റോബട്ട് ഡെന്നിസ്റ്റൻെറ ലേഖനം]

(തർജ്ജമ)

മദിരാശിക്കാരേ! ഈ അഭിമാനം കളയാതെ കഴിക്കണം. മദിരാശി സംസ്ഥാനം ഒരു ഉറങ്ങിയ രാജ്യമാണെന്നാരാണ് പറഞ്ഞതു്? ആരാണെന്നെനിക്കറികയില്ല; പക്ഷെ പറഞ്ഞാള് ഒരു മഹാ വഞ്ചനാണെന്നു് തീച്ചതന്നെ. വഞ്ചൻമാത്രമല്ല, ഒരു കുരുടനുമാണ്.

സഹജീവിസ്നേഹംകൊണ്ടു് കീത്തി സമ്പാദിച്ച ആബുബെൻ ആഡത്തെപ്പററി നിങ്ങളുടെ പാഠപുസ്തകങ്ങളിൽ കുട്ടിക്കാലത്തു് വായിച്ചിട്ടില്ലേ? യുദ്ധകാലത്താണ് അധികമായി സഹജീവികളെ സ്നേഹിക്കേണ്ടതു്. മദിരാശിക്കാർ ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണരുടെ യുദ്ധഫണ്ടിലേക്കു സംഭാവന ചെയ്യുതു നോക്കിയാൽ അവരുടെ സഹജീവിസ്നേഹത്തിൻെറ അളവു അറിയാം. ഈ ഫണ്ടു് ഇപ്പോൾ ഇരിപതു ലക്ഷം പവനിൽ അധികരിച്ചിരിക്കുന്നുവത്രെ! താരതമ്യേന മററു സംസ്ഥാനങ്ങൾ ഈ മുയലിൻെറ പിന്നിൽ ആമകളെപ്പോലെയാണ്. ഇതു നമുക്കെത്രയും ആത്മാഭിമാനകരമായിട്ടുള്ളതു തന്നെ. പക്ഷെ ഒരു സംഗതി മറക്കണ്ടാ. ഇതു മൂന്നു മണിക്കൂർ നേരത്തെ യുദ്ധച്ചെലവെ ആയുള്ളു. മൂന്നു മണിക്കൂർ കൊണ്ടു പലതും സാധിച്ചേക്കാമെന്നും സമ്മതിക്കുന്നു.

ഈ സംസ്ഥാനത്തിലെ ജനങ്ങൾ ചെയ്യു സംഭാവനയുടെ സ്വരൂപമെന്താണ്? ബ്രിട്ടൻെറ രക്ഷക്കായി ഒരു കോടി ഉറുപ്പിക ഇതിൽനിന്നു നീക്കിവെച്ചിട്ടുണ്ടു്. ഇതുകൊണ്ടു് "ഒങ്ക പേര് ശൊല്ലി" മൂന്നു ഫൈററർ വിമാന വ്യൂഹങ്ങളും, രണ്ടു് ബോംബർ വിമാന വ്യൂഹങ്ങളും അവിടെ രക്ഷചെയ്യുവരുന്നു. ഇവർ സംപാദിച്ച കിത്തിമുദ്രകൾ അനവധിയാണ്. അതെല്ലാം മദിരാശിക്കാക്കവകാശപ്പെട്ടതുമാണ്. സൈന്യങ്ങളുടെ സുഖസൌകയ്യനിവൃത്തിക്കു 28 ലക്ഷം ഉറുപ്പിക; കടൽസൈന്യ വകുപ്പിലേക്കു $2\frac{1}{2}$ ലക്ഷം; കപ്പലിൽ ജോലിക്കാരുടെ സുഖസൌകയ്യങ്ങൾക്കു 3 ലക്ഷം; റഷ്യ, ചൈന, ഗ്രീസ് മുതലായ രാജ്യങ്ങളിൽ ക്ഷാമനിവാരണത്തിന്നും, ശത്രുക്കൾ കീഴടക്കിയ രാജ്യങ്ങളിൽനിന്നോടിവന്നവരുടെ സഹായത്തിന്നും കൂടി 11 ലക്ഷം; ഹോസ്പിററലുകൾക്കു $3\frac{1}{2}$ ലക്ഷം.

ഇതെല്ലാം അല്പം ചില ചെലവു് വകുപ്പുകൾ മാത്രമാണ്. മററനവധി വകുപ്പുകളുണ്ടു്. എന്തിനേറെ പറയുന്നു; മദിരാശിക്കാർ 100 ആംബുലൻസ് വാഹനങ്ങൾക്കു ചെലവു ചെയ്യു. മേലിലും നിങ്ങളുടെ ദാനശീലം പ്രകാശിക്കട്ടെ. അധികം താമസിയാതെ ഈ ഫണ്ടിലേക്കു് നിങ്ങളുടെ സംഭാവന 3 കോടി ഉറുപ്പികയുടെ അതൃത്തിയിലെത്തട്ടെ.

## കഥാപംക്തി

# കൊടുങ്കാററ്

## ശാരദ

(പകപ്പവകാശം ഗ്രന്ഥകത്താവിന്നു മാത്രം)

(തുടച്ച)

ഈ വിധം ആദ്യത്തെ രാത്രി കഴിഞ്ഞു. രണ്ടാം ദിവസം രാത്രിയും രാധയെ മുമ്പെ കിടത്തിയുറക്കി. അന്നു അത്യുഷ്ണമായിരുന്നു. കാററും തീരെയില്ല. ശയനമുറിക്കു തൊട്ടു ഒരു വരാന്തയുള്ളതിൽ ഒരു പുല്ലുപായയും വിരിച്ചാണ് മാധവൻ ഉറങ്ങിയിരുന്നതു്. വളരെ നേരം തന്നെത്താൻ വീശിക്കൊണ്ടും ഓരോന്നാലോചിച്ചും മാധവൻ ഉറങ്ങാതെ കിടന്നു. പന്ത്രണ്ടു മണിക്കുശേഷമാണ് അല്പം ഉറങ്ങിയതു്.

രാത്രി ഒരു മൂന്നുമണി കഴിഞ്ഞപ്പോൾ മാധവൻ ഉണർന്നു. അപ്പോൾ താൻ തനിയെയല്ലായെന്നു മനസ്സിലായി. ആരോ അരികത്തിരുന്നു തന്നെ വീശുന്നുണ്ടു്. ഉറക്കപ്രാന്തിൽ രാധയെ അരികത്തേക്കു പിടിച്ചിരുത്തി. "എന്തിനാണ് ഇങ്ങിനെ ഉറക്കം ഒഴിക്കുന്നതു്? പോയിക്കിടന്നുറങ്ങു, നാണിക്കുട്ടീ" എന്നു പിറുപിറുത്തു. ഇരുട്ടത്തു ഭയം കൊണ്ടു രാധയാകട്ടെ മാധവൻെറ ആലിംഗനത്തിൽ പെട്ടു ശാന്തമായി കിടന്നുറങ്ങുകയും ചെയ്തു.

മാധവൻ രാവിലെ വളരെ പരിഭ്രമിച്ചുകൊണ്ടാണ് എഴുനീററതു. രാധയുടെ വലത്തെ കൈ മാധവൻെറ കഴുത്തിൽക്കൂടി ഇട്ടുകൊണ്ടാണ് അവൾ കിടന്നുറങ്ങിയിരുന്നതു്. ഈ കിടന്നുറങ്ങുന്ന നിദ്രോക്ഷിയെക്കണ്ടു മാധവൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അദ്ദേഹത്തെ വിശ്വസിച്ചു് അദ്ദേഹത്തിൻെറ കഴുത്തിൽക്കൂടി ഇട്ടതായ അവളുടെ കൈകളെ എങ്ങിനെയാണ് വേറിടത്തേണ്ടതു്? അദ്ധരാത്രിയിൽ തന്നെ വീശുവാൻ വേണ്ടി അവൾ തൻെറ അരികത്തുവന്നതാണെന്നു മാധവന്നു ഓമ്മവന്നു.

ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു അവളുടെ കൈകൾ ദേഹത്തിൽനിന്നു് വിടുവിച്ചു് മാധവൻ അവിടെ നിന്നെഴുന്നേററു. വളരെ ഗാഢമായി ആലോചിച്ചതിന്നുശേഷം രാധയെ തല്ക്കാലം ഒരു കോൺവെൻറ് സ്കൂളിലേക്കയക്കുവാൻ തീച്ചയാക്കി. ഈ വത്തമാനം അവളോടു പറഞ്ഞു. "രാധക്കു കുറച്ചു പഠിച്ചാൽ കൊള്ളാമെന്നു മോഹമുണ്ടോ?"

രാധയൊന്നും സമാധാനം പറയാതെ മാധവൻെറ മുഖത്തുനോക്കി. "അങ്ങു എന്താണ് ചോദിക്കുന്നതെന്നു"ള്ള ചോദ്യം അവളുടെ ദൃഷ്ടിയിൽ സ്പഷ്ടമായി.

വിദ്യാഭ്യാസം ഉണ്ടായാലുള്ള ഗുണദോഷങ്ങളെപ്പററി മാധവൻ അവളോടു കുറെ പ്രസംഗിച്ചു. പക്ഷെ, ഇത്രയൊന്നും മാധവൻ പ്രസംഗിക്കേണ്ടാവശ്യമുണ്ടായിരുന്നില്ല. കാരണം, രാധക്കു ഒരു മറുപടിയെ പറവാനുണ്ടായിരുന്നുള്ളു.

"അങ്ങിനെയാകട്ടെ; എന്നാൽ അങ്ങു എന്നെ പഠിപ്പിച്ചുകൊള്ളു."

"അതു് പററുകയില്ല. രാധ സ്കൂളിൽതന്നെ പോയി പഠിക്കുകയാണ് നല്ലതു്."

"എൻെറ പ്രായമുള്ള ഒരു പെണ്ണു് സ്കൂളിൽ പോയി പഠിക്കുകയോ? അസ്സലായി"

താൻ ഒരു മുതിന്ന പെണ്ണായിയെന്നു രാധക്കുള്ള അഭിപ്രായം കേട്ടപ്പോൾ മാധവന്നു ചിരിവന്നു "രാധയെക്കാൾ പ്രായമുള്ള എത്ര പെൺകുട്ടികൾ ഇക്കാലത്തു് സ്കൂളിൽ പോകുന്നുണ്ടു്?" എന്നൊരു ചോദ്യം കൊണ്ടു മാധവൻ വിദ്യാഭ്യാസത്തെപ്പററിയുള്ള സംസാരം കലാശിപ്പിച്ചു.

രാധക്കു പിന്നെയൊന്നും പറവാനുണ്ടായില്ല. ഒരു ദിവസം പത്തുമണിക്കു മാധവൻെറയൊന്നിച്ചു രാധ സ്കൂളിൽ പോയി ചേർന്നു. അതു് വലിയ ഒരു കോൺവെൻറായിരുന്നു. പഠിക്കുന്നവക്കെല്ലാം താമസിക്കുവാനുള്ള ഏപ്പാടും അതിലുണ്ടായിരുന്നു. രാധയുടെ പ്രായത്തിലും, അതിലും മുതിന്നതുമായ അനവധി പെൺകുട്ടികളെ അവിടെ കണ്ടു.

മാധവൻ രാധയെ അവിടത്തെ ഹെഡ് മിസ്സസിൻെറ കയ്യിൽ ഏല്പിച്ചു വീട്ടിലേക്കു മടങ്ങുവാൻ പുറപ്പെട്ടു. അപ്പോൾ രാധയും മാധവൻെറ പിന്നാലെ ഇറങ്ങി.

മാധവൻ: രാധയെങ്ങോട്ടാണു വരുന്നതു്? പഠിക്കുമ്പോൾ ഇവിടെ താമസിക്കണം.

രാധ: അങ്ങു ഇവിടെ താമസിക്കുന്നില്ലേ? എന്നു പരിഭ്രമസ്വരത്തിൽ ചോദിച്ചു.

മാധവൻ: എനിക്കിവിടെ താമസിക്കാൻ പാടില്ല.

രാധ: എന്നാൽ എനിക്കും താമസിക്കാൻ വയ്യ; എന്നും പറഞ്ഞു മാധവൻെറ കൈകടന്നുപിടിച്ചു. എന്നേയും കൂടെ കൊണ്ടു് പോണം എന്നായിരുന്നു അവളുടെ ശാഠ്യം.

മാധവൻ: (അവളുടെ കൈ വിടുവിച്ചുകൊണ്ടു) ബുദ്ധിയില്ലാതെ ഓരോന്നു പറയാതിരിക്കൂ.

ഈ ശകാരം കേട്ടപ്പോൾ രാധക്കു ഒന്നും മിണ്ടാൻ വയ്യാതായി. മുഖം വാടി സ്തബ്ധയായി അവൾ അവിടെ നിന്നു. വലുതായ മനോവ്യഥയോടുകൂടെ മാധവൻ ബദ്ധപ്പെട്ടു നടന്നുവെങ്കിലും ആ കാതരാക്ഷിയുടെ പാരവശ്യത്തോടുകൂടിയുള്ള നോട്ടം അദ്ദേഹത്തിന്നു മറക്കുവാൻ വയ്യാത്തതായിരുന്നു. പക്ഷേ താൻ അനുഭവിച്ചുവരുന്ന ധമ്മസങ്കടത്തിന്നു മററു യാതൊരു നിവാരണവുമില്ലെന്നുള്ള ബോദ്ധ്യം മാത്രം മാധവനെ ധൈയ്യപ്പെടുത്തി.

### VII

മാധവന്നു വക്കീലായി പ്രാക്ടീസു ചെയ്യേണമെന്നായിരുന്നു ആദ്യകാലങ്ങളിലെ മോഹം. അദ്ദേഹത്തിൻെറ ബുദ്ധിയും പഠിപ്പിനുള്ള പ്രാപ്തിയും മററും ആലോചിച്ചാൽ ഇതു എത്രയോ എളുപ്പത്തിൽ മാധവന്നു നിറവേററുവാൻ സാധിക്കുന്ന ആഗ്രഹവുമായിരുന്നു. പക്ഷെ, മനക്ലേശങ്ങളെക്കൊണ്ടു അദ്ദേഹത്തിന്നു് ഉന്മേഷം തീരെയില്ല. മനസ്സിരുത്തിക്കൊണ്ടുള്ള യാതൊരു പ്രവൃത്തിക്കും അദ്ദേഹത്തിന്നു പ്രാപ്തിയില്ലാതായി. ഭക്ഷണം വല്ലതും കഴിച്ചു ഒരു പെട്ടി സിഗാററും ഒരു തീപ്പെട്ടിയും വാങ്ങി പോക്കററിലിട്ടു കടപ്പുറത്തു ഒരു വിജനപ്രദേശത്തു പോയിരുന്നു സമയം കഴിക്കും. ചിലപ്പോൾ വടക്കെ ഇന്ത്യക്കു ഒരു സക്കീട്ടു പോയെങ്കിലൊ എന്നും തോന്നാറുണ്ടു്. ഈ വിധം ഉദ്ദേശശൂന്യമായ ഒരു ജീവിതമായി മാധവൻെറതെന്നല്ലെ പറയേണ്ടതുള്ളു.

അങ്ങിനെയിരിക്കുമ്പോഴാണ് ഒരു ദിവസം മാധവന്നു ഗോവിന്ദക്കുറുപ്പിൻെറ വക്കൽനിന്നൊരെഴുത്തു കിട്ടിയതു്. എഴുത്തു താഴെ പറയുംപ്രകാരമായിരുന്നു:—

"നിങ്ങൾ പരീക്ഷയിൽ പാസ്സായ വിവരം ഞാൻ കടലാസ്സിൽ കണ്ടു. പക്ഷെ, സന്തോഷവത്തമാനം നിങ്ങൾതന്നെ എനിക്കു നേരിട്ടെഴുതിയറിയിക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. കുറച്ചുദിവസമായി നിങ്ങളെപ്പററി യാതൊരു വത്തമാനവും ഞങ്ങളെ അറിയിക്കാറില്ലല്ലൊ. നിങ്ങളുടെ സുഖദുഃഖങ്ങളെപ്പററി സവ്വദാ അന്വേഷിച്ചറിവാനഹതപ്പെട്ട ഒരു പഴയ സ്നേഹിതൻെറ വ്യാകുലത നിങ്ങൾ എഴുത്തുകൊണ്ടെങ്കിലും തീക്കുമെല്ലൊ."

കുറുപ്പിൻെറ മകൾ മാലതിയെ വിവാഹം ചെയ്തുകൊടുപ്പാൻ നോക്കിവെച്ചിരുന്ന ഒരു ബാരിസ്റ്റർ യുവാവു മറെറാരു ദിക്കിൽ സംബന്ധത്തിന്നു നിശ്ചയിച്ചുവെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ് തന്നെ. സംബന്ധിച്ചേടത്തോളം അടുത്തു കഴിഞ്ഞ ചില സംഭവങ്ങളെപ്പററിയാലോചിക്കുമ്പോൾ മാലതിയോടുള്ള അടുപ്പം രണ്ടാമതു പുതുക്കുന്നതു ഉചിതമാണൊ എന്നുള്ള സംശയം മാധവന്നു കുറേശ്ശ തുടങ്ങി. തല്ക്കാലം എങ്ങിനെയായാലും രാധയും താനുമായുള്ള സംബന്ധത്തെക്കുറിച്ചു യാതൊന്നും പുറത്തുപറവാൻ പാടില്ലെന്നും മാധവൻ തീച്ചയാക്കി. കാരണം, അങ്ങിനെ ചെയ്താൽ ആ സാധുപ്പെണ്ണിൻെറ ഭാവിക്കു നാണക്കേടും വന്നുസംഭവിപ്പാനിടയുണ്ടെന്നുള്ള സംഗതിതന്നെയാണ്. മാലതിയോടുള്ള പഴയ ബന്ധം പുതുക്കുന്നപക്ഷം ഈ സംഗതികളെല്ലാം അവളോടു തുറന്നു പറയാതെയും കഴികയില്ല.

ഏതായാലും ഗോവിന്ദക്കുറുപ്പിൻെറ കത്തിന്നു് മറുപടി അയക്കാതെയിരിക്കുന്നതു മയ്യാദയല്ല. അതിനാൽ ചുരുക്കത്തിൽ, തൻെറ പുതിയ മേൽവിലാസത്തെപ്പററി പ്രസ്താവിക്കാതെ, ഒരു മറുപടിയും അയച്ചു.

ഒരുദിവസം മാധവൻ വക്കീലിൻെറ സന്നദ് വാങ്ങേണ്ടതിന്നു മദിരാശിക്കു പോകയാണെന്നു തീച്ചയാക്കി. നാഗ്ജിയുടെ ഷാപ്പിൽ

പോയി ചിലഉടുപ്പുകൾ തുന്നിക്കാൻ കൊടുക്കേണമെന്നുവെച്ചു റോട്ടിൽക്കൂടി വരികയായിരുന്നു. അപ്പോൾ തന്റെ അടുത്തുക്കൂടി പോയിരുന്ന കുതിരവണ്ടിയിൽനിന്ന് പരിചയമുള്ള ഒരു സ്വരം കേട്ടു. "അച്ഛാ മാധവൻ അതാ പോകുന്നു." "വണ്ടി നിൎത്തടൊ, നിൎത്തു്" എന്നൊരു പുരുഷസ്വരം കേട്ടതും, വണ്ടിനിൎത്തി പിന്നോക്കം തിരിച്ചു. മാധവന്റെ അരികത്തു വണ്ടിയെത്തി നിൎത്തിയപ്പോൾ അതിൽ ഗോവിന്ദക്കുറുപ്പും മാലതിയുമാണെന്നു മാധവന്നു മനസ്സിലായി. അവർ എങ്ങോട്ടൊ സവാരിക്കുപോയി മടങ്ങുകയാണ്. മാലതിയെ വണ്ടിയിൽ കണ്ട ഉടനെ മാധവന്നു പൂൎവ്വചരിത്രം മുഴുവൻ ഓൎമ്മ വന്നു. മാലതിയുടെ സ്മിതസുന്ദര മുഖവും, ഉടുപ്പുടയും, അവൾക്കു പ്രത്യേകവും, മാധവന്നു ഏററവും സുപരിചിതവുമായ കാർവേണിവടിവും, അലങ്കാരശൂന്യമായ വളകളും മാധവന്റെ മനോവികാരങ്ങളെ അലതല്ലിച്ചു/അദ്ദേഹത്തിന്ന് സംസാരിപ്പാൻ വയ്യാതാക്കി.

ഗോവിന്ദക്കുറുപ്പു: എന്താത് കഥ; മാധവൻ തന്നെയല്ലെ ഇതു? തേടിയ വള്ളി കാലിൽ തടഞ്ഞുവെന്നു പറയുംപോലെയല്ലെ ഈ ക്കൂടിക്കാഴ്ച? ഞങ്ങൾക്കു എഴുത്തൊന്നും എഴുതേണ്ടാ എന്നു വെച്ചു അല്ലെ? എഴുതുകയാണെങ്കിൽതന്നെ മേൽവിലാസം തരികയും വേണ്ടേ, അല്ലെ? എങ്ങോട്ടാണു ഇപ്പോൾ പോകുന്നതു? എങ്ങോട്ടായാലും, വണ്ടിയിൽ കയറു. വീട്ടിൽപോയി ചായ കഴിച്ചുപോകാം.

മാധവന്റെ ഹൃദയം നിറഞ്ഞു, കുറുപ്പിന്റെ ക്ഷണനം സ്വീകരിച്ചു വണ്ടിയിൽ കയറി, വളരെ പ്രയാസപ്പെട്ടുകൊണ്ടു മാലതിയോടു സുഖം തന്നെയല്ലെയെന്നു ചോദിച്ചു.

മാലതി: അതൊക്കെയിരിക്കട്ടെ. പാസ്സായ വിവരം എന്തെ എന്നെ അറിയിക്കാഞ്ഞതു്?

മാധവന്ന് ഒരു മറുവടിയും പറവാനുണ്ടായില്ല. അതിനാൽ, "മാലതിയും പാസ്സായിയെന്ന് ഞാൻ കേട്ടു;" എന്ന് മാത്രം പറഞ്ഞു. മാലതി ചിരിച്ചു. "ജന്മാന്തരം; ഞങ്ങളെ തീരെ മറന്നിട്ടില്ലന്ന് തോന്നുന്നു."

ഗോവിന്ദക്കുറുപ്പ്: മാധവൻ ഇപ്പോൾ എവിടെയാണ് താമസിക്കുന്നതു്?

മാധവൻ: ചാലപ്പുറത്തു്.

ഗോവിന്ദക്കുറുപ്പ്: എന്തെ ഇപ്പോൾ താമസം മാററിയതു്? മുമ്പ് കോളേജിന്നടുത്തുണ്ടായിരുന്ന സ്ഥലത്തിന്നെന്താണ് തരക്കേട്.

മാധവൻ എന്താണ് മറുവടി പറയുന്നതെന്ന് സൂക്ഷിച്ചുകൊണ്ടു തന്നെ മാലതി ഇരുന്നു. മാലതിയുടെ നോട്ടവും, അതിൽ അന്തൎഭവിച്ചിട്ടുള്ള ശകാരവും മാധവന്ന് നല്ലപോലെ മനസ്സിലായി.

മാധവൻ: പഴയ സ്ഥലത്തേക്കു തന്നെ മടങ്ങിവരുന്നുണ്ട്.

പഴയ സ്ഥലം വിട്ടകാൎയ്യത്തിൽ തന്നെ മാലതി ഒരു കുററക്കാരനാക്കീട്ടുണ്ടെന്ന് മാധവന്ന് മനസ്സിലായി. മാലതിയുടെ ദൃഷ്ടിയിൽ താൻ ഒരു കുററക്കാരനാവാൻ വയ്യെന്നുള്ള നിഷ്കൎഷയും മാധവന്ന് വളരെയുണ്ട്. പക്ഷെ എന്തു ചെയ്യാം? എതുചോദ്യം വന്നെങ്കിലല്ലെ കാൎയ്യം മുഴുവൻ വ്യക്തമാക്കാൻ സാധിക്കയുള്ളു. അതിന്നു പകരം മാലതി ഒന്നും മിണ്ടാതെ വണ്ടിയിൽനിന്ന് പുറത്തേക്കു നോക്കിക്കൊണ്ടിരിക്കയായിരുന്നു. അവളുടെ പരിഭവപൂരമായ നിശ്ശബ്ദത മാധവന്ന് സഹിക്കാൻ വയ്യാതെയായപ്പോൾ ഇങ്ങിനെ പറഞ്ഞു:

"എന്റെ ഒരു സ്നേഹിതൻ ചാലപ്പുറത്ത് താമസമുണ്ട്. ആയാളുടെ അടുത്തു് താമസിച്ചു് എനിക്കു കുറച്ചു കാൎയ്യമുണ്ടായിരുന്നു."

ഇതു വെറും ഒരു ന്യായമല്ലായിരുന്നു. പക്ഷെ മാലതിക്കു തൃപ്തിവരത്തക്ക ഒരു സമാധാനമല്ലായിരുന്നുവെന്നെ ഉള്ളു. കോളേജിന്റെ അടുത്തു താമസിച്ചാലെന്താ ചാലപ്പുറത്തേക്കു പോയ്ക്കൂടെ? കോളേജും ചാലപ്പുറവുമായി അത്ര ദൂരമുണ്ടോ? ഈവക ചോദ്യങ്ങൾക്കെല്ലാം ന്യായമായ അവകാശമുണ്ടായിരുന്നു.

മാലതി പിന്നേയും പുറത്തേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. അവളെക്കൊണ്ട് സംസാരിപ്പിക്കേണമെന്ന് വെച്ചു മാധവൻ കുറേ നേരം ആലോചിച്ച് ചോദിച്ചു:

"രാമകൃഷ്ണൻ ഇപ്പോൾ എവിടെയാണ്? വല്ല വൎത്തമാനവും ഉണ്ടോ?"

ഇതിന്നുള്ള മറുവടി ഗോവിന്ദക്കുറുപ്പാണ് പറഞ്ഞതു്. "അവൻ ഇക്കുറി പരീക്ഷയിൽ തോററു. ദുഃഖം പോക്കാനായി എങ്ങോട്ടോ സഞ്ചീട്ടു പോയിരിക്കയാണ്."

ഗോവിന്ദക്കുറുപ്പിന്റെ വീട്ടിന്റെ പടിക്കിൽ വണ്ടി ചെന്നുനിന്നു. എല്ലാവരും അകത്തേക്കു കടന്നു. അതിലെ മേശകളും കസാലകളും എല്ലാം മാധവന്ന് വളരെ പരിചയമുള്ളവയാണ്. സമാധാനവും സങ്കടവുംക്കൂടി ചേൎന്നുള്ള ഒരു ദീൎഘശ്വാസം വിട്ടുകൊണ്ട് മാധവൻ ഒരു കസേലയിൽ തന്നെത്താൻ നിക്ഷേപിച്ചു.

കുറുപ്പു: ഇത്രകാലം വീട്ടിൽ താമസിച്ചു കാലം കഴിച്ചുക്കൂട്ടിയതു് തറവാട്ടു കാൎയ്യാൎത്ഥമായിരിക്കാം, അല്ലെ?

മാധവൻ: എന്റെ അച്ഛൻ മരിച്ചുവെന്ന്മാത്രമല്ലാ—

കുറുപ്പ്: എന്തു്! എന്തെ സുഖക്കേടുണ്ടായതു്? അയ്യോ, മാധവന്ന് ഇങ്ങിനെയൊരാപത്തു നേരിട്ടുവോ? ഞങ്ങൾ തീരെ അറിഞ്ഞില്ലല്ലൊ അതു്! മരിച്ചിട്ടെത്ര ദിവസമായി?

മാധവൻ: സുഖക്കേടുകൊണ്ടൊന്നുമല്ല മരിച്ചതു്. തൃപ്രയാററയിൽനിന്ന് തിരൂർക്കു തോണിയിൽ വരികയായിരുന്നു. ചേററുവായ പുഴയിൽ വെച്ചു ഒരു കൊടുങ്കാററു വന്ന് തോണിമറിഞ്ഞു മുങ്ങിച്ചാവുകയാണുണ്ടായതു്.

ഈ വൎത്തമാനം അറിഞ്ഞതോടുക്കൂടി മാലതിക്കു മാധവന്റെ പേരിലുള്ള പരിഭവങ്ങളെല്ലാം തീൎന്നു. മാധവന്നു വന്നതായ ദുഃഖം മാലതിയുടെ മനസ്സിലുണ്ടായിരുന്ന മേഘങ്ങൾക്കു അത്ര ശക്തിയായ കൊടുങ്കാററു പോലെയായിരുന്നു. "എന്തൊരു ബുദ്ധിശൂന്യയായ സ്ത്രീയാണ് ഞാൻ! പിതാവിന്റെ മരണവും, തന്മൂലം അനുഭവിച്ചുവരുന്ന ക്ലേശങ്ങളും അദ്ദേഹത്തിന്റെ ഹൃദയം ഭേദിക്കുന്ന ഘട്ടത്തിൽ ഞാൻ അദ്ദേഹത്തോടു പരിഭവം അഭിനയിച്ചതു് ഒട്ടും ഉചിതമായിട്ടില്ല. പിതൃവിരഹം ഇന്നും അദ്ദേഹത്തെ എത്ര കണ്ടു ദുഃഖിപ്പിക്കുന്നുണ്ടെന്ന് ആൎക്കറിയാം. തൽക്കാലസ്ഥിതികൾ യാതൊന്നും അറിയാതെ അദ്ദേഹത്തിന്റെ നേരെ ഞങ്ങൾ കുററപത്രം തെയ്യാറാക്കിയതു് ഒട്ടും നന്നായില്ല;" എന്നൊക്കെയുള്ള വിചാരങ്ങൾ കൊണ്ടു മാലതി വളരെ വിഷമിച്ചു. ഒടുവിൽ അച്ഛനില്ലാത്ത ഒരു കുട്ടിയോടു കാട്ടുന്ന വാത്സല്യപൂരമായ അനുഭാവം മാധവനോടു കാട്ടുവാൻതുടങ്ങി.

മാധവന്ന് ഭക്ഷണം യാതൊന്നും കഴിക്കുവാൻ രുചി തോന്നിയില്ല. എന്നാൽ മാലതിയാകട്ടെ മാധവനെ ഹേമിക്കുവാനും തുടങ്ങി.

മാലതി: മാധവന്ന് മനസ്സിന്ന് യാതൊരു സുഖവുമില്ലെന്ന് പ്രത്യക്ഷമാകുന്നുണ്ട്. അങ്ങിനെ ദുഃഖിച്ചിരുന്നിട്ട് യാതൊരു കാൎയ്യവുമില്ല. ദേഹത്തിനെ കേടുവരുത്തരുതു്. അച്ഛാ, മാധവൻ ഇന്ന് രാത്രി ഇവിടെ ഊണുകഴിക്കണം. അച്ഛൻ നേരത്തെക്കൂട്ടി ക്ഷണിച്ചോളു.

കുറുപ്പു: അതിന്നു സംശയമില്ല. ഇന്ന് രാത്രി മാധവന്ന് ഇവിടെ തന്നെയാണ് ഊണ്.

ഇങ്ങിനെ പറഞ്ഞിരിക്കുന്ന ഘട്ടത്തിൽ കുമാരൻ വന്നെത്തി. കുറച്ചുകാലമായി കുറുപ്പിന്റെ വീട്ടിൽ കുമാരന്ന് ഒരു എതിരാളിയുണ്ടായിരുന്നില്ല. മാലതിയുടെ സൽക്കാരങ്ങൾക്കെല്ലാം കുമാരൻ മാത്രമായിരുന്നു പൂൎണ്ണാവകാശി. ഈവിധം തനിക്കു നിൎബ്ബാധമായി ഒഴിഞ്ഞുകിട്ടിയ സ്വാതന്ത്ര്യത്തിന്ന് ഒരു തടസ്ഥം വന്നപോലെയാണ് മാധവന്റെ ഇപ്പോഴത്തെ വരവിനെക്കുറിച്ചു കുമാരന്ന് തോന്നിയതു്. അതിനാൽ മിത്രദൎശനംകൊണ്ടുള്ള സന്തോഷമല്ല ശത്രുസന്നിധാനംകൊണ്ടുള്ള കോപമാണ് കുമാരന്റെ മനസ്സിൽ പ്രകാശിച്ചതു്. എങ്കിലും അല്പം ചില ചൊടിയും ചുണയുമെല്ലാം നടിച്ചു കുമാരൻ മാധവനെ മിത്രഭാവത്തോടുക്കൂടി സ്വീകരിച്ചു.

കുമാരൻ: ഇതെന്തൊരു കഥയാണ്! നൊമ്മടെ മാധവനല്ലെ ഇതു! എന്താ, ഞങ്ങളെയൊക്കെ തീരെ മറന്നുവോ?

മാധവൻ പതുക്കെ ഒന്ന് മന്ദഹാസം ചെയ്യുതെ ഉള്ളു. കുമാരനാകട്ടെ സംസാരം നിൎത്തിയില്ല. "മാധവന്റെ അച്ഛൻ അന്ന് മാധവനെ വാറണ്ടു പിടിച്ചുകൊണ്ടുപോകുംപോലെ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയപ്പോൾ ഉടനെ വല്ല പെണ്ണിനേയും കഴുത്തിൽ പിണക്കുമെന്ന് എനിക്കു തോന്നിയിരുന്നു. ഈ ആപത്തിൽ പെടാതെ കഴിച്ചുക്കൂട്ടുവാൻ മാധവന്ന് സാധിച്ചുവോ?

മാലതിയുടെ ദേഷ്യഭാവത്തിലുള്ള ഒരു നോട്ടം കൊണ്ടു കുമാരൻ മിണ്ടാതായി.

കുറുപ്പു: കുമാരാ, മാധവന്റെ അച്ഛൻ മരിച്ചു.

പെട്ടെന്നുണ്ടായ തന്റെ ദുഃഖപാരവശ്യം മറച്ചുകൊണ്ടു മാധവൻ തലതാഴ്ത്തി. പച്ചപ്പുണ്ണിൽ കൊള്ളിവെച്ചതായ കുമാരന്റെ നേരെ വന്ന കോപംകൊണ്ടു മാലതി മാധവനോടു ലാളനക്കാരംഭിച്ചു.

മാലതി: ഞാൻ ഇപ്പോൾ കുറച്ചു ദിവസമായി തുന്നൽപ്പണിയിൽ അധികം ശ്രദ്ധവെക്കാറുണ്ട്. പുതുതായി ചില ചിത്രങ്ങൾ തുന്നിയുണ്ടാക്കിയതു് മാധവന്ന് കാണണ്ടെ?" എന്ന് ചോദിച്ചുകൊണ്ടു മാലതി തന്റെ കൈവേലകളിൽ വിശേഷപ്പെട്ട ചിലതെല്ലാം മാധവന്റെ പരിശോധനക്കു ഹാജരാക്കി. മാധവൻ ഇവയെ ഓരോന്നോരോന്നായി നോക്കിക്കൊണ്ടു വരുന്ന ഘട്ടത്തിൽ മാലതി പ്രേമപൂരമായ പല അന്വേഷണങ്ങളും മാധവനോടു മാത്രമായി നടത്തി.

മാലതി: മാധവൻ ഇപ്പോൾ തന്നെയാണോ താമസം?


മാധവൻ: ഞാൻ തന്നെയുള്ളു.

മാലതി: എന്നാൽ തീൎച്ചയായും പണ്ടത്തെപോലെ ഞങ്ങളുടെ അരികത്തു തന്നെ താമസമാക്കണം. മാധവൻ അടുത്തുണ്ടെങ്കിൽ എനിക്കു ബി. എ. പരീക്ഷക്കുള്ള ധനശാസ്ത്രഭാഗം പഠിക്കാൻ കുറെ എളുപ്പമുണ്ട്.

മാധവൻ: ഞാൻ താമസിക്കുന്ന സ്ഥലം അടുത്തു മാററും. ഇങ്ങോട്ടു തന്നെയാണ് വരുന്നതു്.

മാലതിയെ പഠിപ്പിക്കുവാനുള്ള സന്ദൎഭവും, അവളുടെ സന്നിധാനവും മററും മാധവനെ തൽക്കാലം ആനന്ദഭരിതനാക്കി.

(തുടരും)



ഇംഗ്ലണ്ടിൽ അഭ്യസ്തപരിശീലനത്തിന്നുപോയ ഇന്ത്യൻ വിമാനസൈന്യ ഉദ്യോഗസ്ഥന്മാർ. ഇതിൽ മലയാളികളും ഉണ്ട്.

## ഇന്ത്യ ബ്രിട്ടന്ന് കാഴ്ചവെച്ച വിമാനപ്പട

ഇന്ത്യൻ യോദ്ധാക്കൾ യുദ്ധത്തിൽ രക്തം ചൊരിയുന്നുവെന്ന് മാത്രമല്ല, ഇന്ത്യയിലെ പൊതുജനങ്ങളും നാട്ടുരാജാക്കന്മാരും ബ്രിട്ടന്നു കാഴ്ച വെച്ചതായ വിമാനപ്പടകൾ ബ്രിട്ടനിൽ ചരിത്രപ്രസിദ്ധമായ പ്രവൃത്തികൾ എടുത്തുവരുന്നു.

പഞ്ചാബ് സംസ്ഥാനത്തിന്റെ പേരിൽ സ്പിററ്ഫയർ വിമാന വ്യൂഹങ്ങൾ മൂന്നെണ്ണമുണ്ട്. ബറോഡ, ഭോപ്പാൾ, മൈസൂർ ഈ മൂന്നു നാട്ടുരാജ്യ കോയ്മകളുടെ പേരിൽ ഉള്ള വിമാനവ്യൂഹങ്ങൾ ; ഐക്യസംസ്ഥാനത്തിലെ ജനങ്ങൾ സമ്മാനിച്ചതായ ഒരു ഹറിക്കെയിൻ വിമാന വ്യൂഹം ; മദ്രാസ് സംസ്ഥാനത്തിലെ ജനങ്ങൾ സമ്മാനിച്ചതായ ഒരു ഹാലിഫാക്സ് ബോംബർ വിമാനവ്യൂഹവും മൂന്നു ഫൈറ്റർ വിമാനവ്യൂഹങ്ങളും. ബോംബായി സംസ്ഥാനത്തിൽനിന്നും ഇതുപോലെ ഒരു സമ്മാനം ഉണ്ടായിട്ടുണ്ട്. ഹൈദരബാദിലെ നൈസാം രണ്ട് ഫൈറ്റർ വിമാന വ്യൂഹങ്ങളും, ഒരു ബോംബർ വിമാനവ്യൂഹവും നൽകിയിരിക്കുന്നു. ഇതിന്നുപുറമെ റോയൽ എയർഫോർസിലേക്ക് ഇന്ത്യൻ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെണ്ടുകാർ കുറെ ഫൈറ്റർ വിമാനങ്ങൾ സമ്മാനിച്ചിട്ടുണ്ട്. ഇതിനെല്ലാംപുറമെ ഇന്ത്യയിലെ പൊതുജനങ്ങൾ സമ്മാനിച്ചതായ മററനവധി വിമാനങ്ങളും ഉണ്ട്. ശത്രുപക്ഷവിമാനസേനയോടെതൃക്കുവാൻ ഇവക്കെല്ലാം പലേ സന്ദർഭങ്ങളും ഉണ്ടായിരുന്നു. ആവക സന്ദർഭങ്ങളിലെല്ലാം അവർ പ്രശസ്തമായ ബിരുദുകൾ നേടുകയും ചെയ്തിരുന്നു. ഈ വിമാനവ്യൂഹങ്ങളിൽ പ്രവൃത്തി ചെയ്യുന്നവരിൽ പലരും ഇന്ത്യക്കാരാണ്. ഇവരിൽ മിക്കവരും യുദ്ധം തുടങ്ങുന്നകാലത്ത് ബ്രിട്ടനിൽ താമസിച്ചിരുന്നവരാണ്. ഇവരിൽ അയ്മ്പതിൽ കുറയാതെ ഇന്ത്യക്കാർ കമിഷൻ ഉദ്യോഗസ്ഥന്മാരാകുന്നു.

## തീവണ്ടിയപകടവും പട്ടാളസഹായവും

മിനിഞ്ഞാന്ന് വിളിപുരത്തിന്നടുത്തുവെച്ച് ഒരു തീവണ്ടിയപകടം ഉണ്ടായില്ലേ? അന്ന് മുറിയേററവരുടെ രക്ഷക്കുവേണ്ടി പട്ടാളക്കാർ ചികിത്സാസംബന്ധമായ സഹായങ്ങൾ പറപറന്നുകൊണ്ട് അവിടെ എത്തിച്ചിരുന്നില്ലെങ്കിൽ ഇപ്പോൾ ചത്തതിൽ അധികം ആളുകൾ ചത്തേനേ.

മുറിയേററവരെ ഒരു വിമാനത്തിലാണ് ആസ്പത്രിയിലേക്ക് കൊണ്ടുപോയത്. വിമാനം 200 നാഴിക പറക്കേണ്ടിവന്നു. ഡോക്ടർമാർ, നെർസുമാർ ഇവരെയെല്ലാം വിമാനത്തിൽ ആദ്യം അപകടസ്ഥലത്തെത്തിച്ചു. മരുന്നുകളും, ഓപ്പറേഷന്നുവേണ്ട ആയുധങ്ങളുമെല്ലാം ഇവരുടെ ഒന്നിച്ചുണ്ടായിരുന്നു. ഇതിന്നു പുറമെ, പട്ടാളക്കാരുടെ ഒരു ആംബുലൻസ് തീവണ്ടിയും മുറിയേററവരെ കൊണ്ടുവരുവാനുപയോഗിച്ചു.

തീവണ്ടിയപകടം ഉണ്ടായിയെന്നു കേട്ടഉടനെ അടുത്ത പ്രദേശങ്ങളിലുണ്ടായിരുന്ന പട്ടാളക്കാരെ അവിടേക്ക് ധൃതിയിൽ എത്തിച്ചു. പൊളിഞ്ഞു കിടക്കുന്ന വണ്ടികളെ വഴിയിൽ നിന്ന് നീക്കംചെയ്ത് ഗതാഗതം സുഗമമാക്കുവാനും, അപകടത്തിൽപെട്ടുകിടക്കുന്നവരെയെടുത്ത് രക്ഷ നൽകുവാനും, അവരെ പട്ടാള മോട്ടോർവാഹനങ്ങളിൽ ആസ്പത്രിയിലേക്കു കൊണ്ടുപോകുവാനും ഇവർ റെയിൽവെ അധികൃതന്മാരെ വളരെ സഹായിച്ചിട്ടുണ്ട്. വണ്ടിയിൽ യാത്ര ചെയ്തിരുന്നതും അപകടമൊന്നും പററാത്തതുമായ പട്ടാളക്കാർ കൂടി മുറിയേററവരെ രക്ഷിപ്പാൻ തങ്ങളാൽ കഴിയുന്ന പരിശ്രമം ചെയ്തിരുന്നു.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീട ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്ന സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏൎപ്പെട്ടിരിക്കുന്നവെന്ന് രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്ക ബോദ്ധ്യമാംവണ്ണം തെളിയിക്കുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മെണ്ട് ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്ന ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു സംബന്ധിച്ച്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോൎട്ട് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്ക് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്ന വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേൎന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്ന് പാരച്ഛൂട്ട് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സ് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സ് സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോൎട്ട് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ച്, തേച്ച് ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ത്രേട്ട്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ച്, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ച് കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡ് ഗവൎമ്മെണ്ട് ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവൎമ്മെണ്ട് ഉദ്യോഗസ്ഥന്മാർ ഇനാമിന്ന അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.